# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3099 | | 21.08.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **മാലിന്യ സംസ്കരണ സംവിധാനം** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.വി.ഡി.സതീശൻ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഒരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്ന് മുതൽ നടപടി സ്വീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | 2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ട് പ്രകാരം വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, മത്സ്യ സ്റ്റാളുകൾ, കല്ല്യാണ മണ്ഡപങ്ങൾ, ഫ്ളാറ്റുകൾ, ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, 400 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ, മുനിസിപ്പാലിറ്റികൾ വിജ്ഞാപനം ചെയ്യേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ തന്നെ ഉറവിടത്തിൽ മാലിന്യം തരംതിരിച്ച് സംസ്കരിക്കണമെന്നുള്ളത് വ്യക്തമാക്കിയിട്ടുള്ളതാണ്. കേന്ദ്ര പരിസ്ഥിതി, വനവും കാലാവസ്ഥാ വ്യതിയാനവും വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 പ്രകാരം മാലിന്യമുല്പാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്തങ്ങളും അധികാര സ്ഥാനങ്ങളുടെ ചുമതലകളും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആയതിൻപ്രകാരം മാലിന്യം ഉൽപാദിപ്പിക്കുന്ന ഏതൊരാളും മാലിന്യം തെരുവിലോ, പൊതുസ്ഥലത്തോ ജലാശയങ്ങളിലോ വലിച്ചെറിയാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്ല്യാണ മണ്ഡപങ്ങൾ/വിവാഹ ഹാളുകൾ, ഭക്ഷണ ശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി പഴവിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ, എന്നിവടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, |

ഏയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണ് എന്ന് 22-07-2017-ലെ സ.ഉ(സാധാ) നം.2511/2017/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. പുതുതായി ഡി & ഒ ലൈസൻസിന് അപേക്ഷിക്കുന്ന മേൽ പറഞ്ഞ രീതിയിലുള്ള സ്ഥാപനങ്ങൾ മേൽ വിവരിച്ച രീതിയിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി & ഒ ലൈസൻസ് ഇനി മേലിൽ നൽകാവൂ എന്നും ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചിക്കൻ സ്റ്റാളുകൾ, അറവുശാലകൾ എന്നിവടങ്ങളിലെല്ലാം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട് എന്നും അവയിൽ നിന്നുള്ള ജൈവ-അജൈവ മാലിന്യങ്ങൾ പൊതുനിരത്തുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കപ്പെടുന്നില്ല എന്നും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതും ഇത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതും നഗരസഭകൾക്ക് കീഴിലുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന തട്ടുകടകളിൽ നിന്നും വഴിയോരക്കടകളിൽ നിന്നും ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും പൊതുനിരത്തുകളിലും മറ്റും വലിച്ചെറിയുന്നത് കർശനമായി ഒഴിവാക്കുന്നതിന് തട്ടുകടകൾ പ്രവർത്തിപ്പിക്കുന്നവർക്ക് വ്യക്തമായ നിർദ്ദേശം നൽകേണ്ടതും ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന തട്ടുകടകൾക്കെതിരെ നിലവിലുള്ള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 371, 372 അനുസരിച്ചുള്ള നടപടികൾ നഗരസഭ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിച്ച് പ്രവർത്തനക്ഷമമാക്കാത്ത സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് വേറൊരു അറിയിപ്പ് കൂടാതെ റദ്ദാക്കുന്നതിനു കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് രാജ് ആക്ട് 1994 അനുസരിച്ചുള്ള നടപടികൾ അതാത് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ഉടനടി സ്വീകരിക്കേണ്ടതാണെന്ന് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ